പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2571 18.06.2014 ലെ മറുപടിക്ക്

## സ്വയംപര്യാപ്ത ഗ്രാമം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തോമസ് ചാണ്ടി | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും<br>വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| കുട്ടനാട് നിയോജക മണ്ഡലത്തിൽ തകഴി ഗ്രാമപഞ്ചായത്ത് നാലാം വാർഡിലെ കസ്തൂർബാ, കുന്നയ്ക്കൽ, മാപല്ലക്കൽ കോളനികളിലായുള്ള 82 കുടുംബങ്ങളെ സ്വയംപര്യാപ്തഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ചിരിക്കുന്ന അപേക്ഷയിൽ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ ? | അൻപതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന കോളനികളെയാണ് സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ തെരഞ്ഞെടുക്കുന്നത്. കിലയുടെ സർവ്വേ റിപ്പോർട്ട് പ്രകാരം, തകഴി ഗ്രാമപഞ്ചായത്തിലെ കസ്തൂർബാ, കുന്നയ്ക്കൽ, മാപല്ലക്കൽ കോളനികളെ വ്യത്യസ്ത കോളനികളായാണ് സർവ്വേ ചെയ്തിട്ടുള്ളത്. ഈ കോളനികളിൽ അൻപത് പട്ടികജാതി കുടുംബങ്ങൾ ഇല്ലാത്തതിനാലാണ് സ്വയംപര്യാപ്തഗ്രാമം പദ്ധതിയ്ക്കായി പരിഗണിയ്ക്കാതിരുന്നത്. |

സെക്ഷൻ ഓഫീസർ